ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
,പൂജപ്പുര, തിരുവനന്തപുരം-12

## നടപടികൾ

വിഷയം : ജയിലുകൾ-ആസ്ഥാനകാര്യാലയം-പ്ലാനിംഗ് വിഭാഗം- ജയിലുകളെയും കോടതികളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള വീഡിയോ കോൺഫറൻസിങ് സംവിധാനം- കരാർ പ്രകാരം KELTRON ൽ നിന്നും ഈടാക്കേണ്ട പെനാൽറ്റി തുക കണക്കാക്കുന്നതിന് കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : (1) 12.10.2018 ലെ പി2-19470/11 നമ്പർ വർക്ക് ഓർഡർ
(2) ജയിൽവകുപ്പും കെൽട്രോണുമായുള്ള 31.01.2019 ലെ ഉടമ്പടി
(3) 15.06.2023 ന് ജയിലാസ്ഥാനകാര്യാലയത്തിൽ ചേർന്ന മീറ്റിംഗിൻ്റെ മിനുട്സ്

**ഉത്തരവ് നമ്പർ. P2-19470/2011/PrHQ; തീയതി : 22-06-2023**

സംസ്ഥാനത്തെ ജയിലുകളെയും കോടതികളെയും ബന്ധിപ്പിച്ചുകൊണ്ട് വീഡിയോ കോൺഫറൻസിംഗ് സംവിധാനം സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിന് ( 383 കോടതി സ്റ്റുഡിയോയിലും 87 ജയിൽ സ്റ്റുഡിയോയിലും - ആകെ 470 ലൊക്കേഷനുകളിൽ) പരാമർശം(1) പ്രകാരം കെൽട്രോണിന് വർക്ക് ഓർഡർ നൽകുകയും 31.01.2019 ന് കെൽട്രോണുമായി 20,13,47,798/- രൂപയുടെ കരാർ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത പ്രവൃത്തി പൂർത്തിയായി വെരിഫിക്കേഷനും കഴിഞ്ഞിട്ടുള്ളതാണ്.ഈ സാഹചര്യത്തിൽ കരാർ പ്രകാരം കെൽട്രോണിന് അനുവദിക്കേണ്ട ബാക്കി തുക അനുവദിക്കുന്നതിനു മുമ്പായി ജയിലുകളിലും കോടതികളിലും സ്ഥാപിച്ചിട്ടുള്ള വീഡിയോ കോൺഫെറൻസിംഗ് സിസ്റ്റവുമായി ബന്ധപ്പെട്ട് ഉണ്ടായ തകരാറുകൾ യഥാസമയം പരിഹരിക്കാത്തതിനെ തുടർന്ന് കരാർ പ്രകാരം ഈടാക്കുന്നതിനായി കണക്കാക്കിയിട്ടുള്ള 2020 ജനുവരി മുതൽ 2022 ഡിസംബർ വരെയുള്ള പെനാൽറ്റി തുക പരിശോധിക്കുന്നതിന് Agreement SLA condition അനുസരിച്ച് കെൽട്രോൺ പ്രതിനിധിയും ജയിൽ വകുപ്പ് പ്രതിനിധികളുമടങ്ങുന്ന കമ്മിറ്റി രൂപീകരിച്ച് പെനാൽറ്റി തുക സംബന്ധിച്ച് അന്തിമ തീരുമാനത്തിലെത്തേണ്ടതാണെന്നും ഇത്തരത്തിൽ പെനാൽറ്റി ഉണ്ടാകുന്ന സാഹചര്യം മുൻനിർത്തി വാറൻ്റി കാലയളവുവരെ കെൽട്രോണിന് നൽകേണ്ട തുകയിൽ നിന്നും ഒരു നിശ്ചിത തുക നിലനിർത്തേണ്ടത് സംബന്ധിച്ചും കമ്മിറ്റി ചർച്ച ചെയ്ത് തീരുമാനത്തിലെത്തേണ്ടതാണെന്നും 15.06.2023 ന് കെൽട്രോൺ പ്രതിനിധികളുമായി ജയിലാസ്ഥാനകാര്യാലയത്തിൽ ചേർന്ന ചർച്ചയിൽ തീരുമാനിക്കുകയുണ്ടായി.

പ്രസ്തുത സാഹചര്യത്തിൽ ജയിലുകളിലും കോടതികളിലും സ്ഥാപിച്ചിട്ടുള്ള വീഡിയോ കോൺഫെറൻസിംഗ് സിസ്റ്റവുമായി ബന്ധപ്പെട്ട് ഉണ്ടായ തകരാറുകൾ യഥാസമയം പരിഹരിക്കാത്തതിനെ തുടർന്ന് കരാർ പ്രകാരം ഈടാക്കുന്നതിനായി കണക്കാക്കിയിട്ടുള്ള 2020 ജനുവരി മുതൽ 2022 ഡിസംബർ വരെയുള്ള പെനാൽറ്റി തുക പരിശോധിച്ച് പെനാൽറ്റി തുക അന്തിമമായി കണക്കാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിനും ഇത്തരത്തിൽ പെനാൽറ്റി ഉണ്ടാകുന്ന സാഹചര്യം മുൻനിർത്തി വാറൻ്റി കാലയളവുവരെ കെൽട്രോണിന് നൽകേണ്ട തുകയിൽ നിന്നും ഒരു നിശ്ചിത തുക നിലനിർത്തേണ്ടത് സംബന്ധിച്ച ചർച്ച ചെയ്ത് തീരുമാനിച്ച് റിപ്പോർട്ട്

ചെയ്യുന്നതിനുമായി ജയിൽ ഹെഡ്ക്വാർട്ടേഴ്സ് ഡി ഐ ജി അധ്യക്ഷനായി ചുവടെ പറയുന്ന കെൽട്രോൺ, ജയിൽ വകുപ്പ് പ്രതിനിധികളെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

ശ്രീ.വിനോദ്കുമാർ.എം കെ - ഡി ഐ ജി,ജയിൽ ഹെഡ്ക്വാർട്ടേഴ്സ് - അധ്യക്ഷൻ
ശ്രീ റ്റി ആർ രാജീവ് - വീഡിയോ കോൺഫെറെൻസിംഗ് നോഡൽ ഓഫീസർ, ടെക്നിക്കൽ സെൽ, ജയിലാസ്ഥാനകാര്യാലയം-മെമ്പർ
ശ്രീ.ആർ.ബിജുകുമാർ, സീനിയർ ഫിനാൻസ് ഓഫീസർ, ജയിലാസ്ഥാനകാര്യാലയം - മെമ്പർ
ശ്രീമതി. ജിഷ.എസ്.വി, പ്രോഗ്രാം ഓഫീസർ, ജയിലാസ്ഥാനകാര്യാലയം - മെമ്പർ
ശ്രീ.അബിൻ ആൻറണി, എഞ്ചിനീയർ, ITBG, KELTRON, വെള്ളയമ്പലം, തിരുവനന്തപുരം -മെമ്പർ
ശ്രീ മനു.ആർ ജി, ടെക്നിക്കൽ അസിസ്റ്റൻറ്, ITBG, KELTRON, വെള്ളയമ്പലം, തിരുവനന്തപുരം

ടി കമ്മിറ്റി അടിയന്തരമായി ചേർന്ന് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

കെ പദ്മകുമാർ IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: ശ്രീ.വിനോദ്കുമാർ.എം കെ - ഡി ഐ ജി,ജയിൽ ഹെഡ്ക്വാർട്ടേഴ്സ്
ശ്രീ റ്റി ആർ രാജീവ് - വീഡിയോ കോൺഫെറെൻസിംഗ് നോഡൽ ഓഫീസർ, ടെക്നിക്കൽ സെൽ, ജയിലാസ്ഥാനകാര്യാലയം
ശ്രീ.ആർ.ബിജുകുമാർ, സീനിയർ ഫിനാൻസ് ഓഫീസർ, ജയിലാസ്ഥാനകാര്യാലയം
ശ്രീമതി. ജിഷ.എസ്.വി, പ്രോഗ്രാം ഓഫീസർ, ജയിലാസ്ഥാനകാര്യാലയം
ശ്രീ.അബിൻ ആൻറണി, എഞ്ചിനീയർ, ITBG, KELTRON, വെള്ളയമ്പലം, തിരുവനന്തപുരം
ശ്രീ മനു.ആർ ജി, ടെക്നിക്കൽ അസിസ്റ്റൻറ്, ITBG, KELTRON, വെള്ളയമ്പലം, തിരുവനന്തപുരം

പകർപ്പ് : ശ്രീമതി അശ്വതി മോഹൻ,
മാനേജർ,ITBG,
KELTRON, വെള്ളയമ്പലം,
തിരുവനന്തപുരം